## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **274** — **09-06-2014** ന് മറുപടിയ്ക്ക്

### വനഭൂമി വനേതരാവശ്യങ്ങൾക്ക് വിട്ടു നൽകാനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം. ഉമ്മർ** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം വനേതരാവശ്യങ്ങൾക്ക് വനഭൂമി വിട്ടുനൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ തരത്തിലുള്ള വനേതരാവശ്യങ്ങൾക്ക് വേണ്ടി 28 പ്രൊപ്പോസലുകളിലായി ആകെ 57.080485 ഹെക്ടർ വന ഭൂമി വിട്ടു നൽകിയിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ വനഭൂമി വിട്ടുനൽകുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) 1980 ലെ വന സംരക്ഷണ നിയമത്തിലെ നിബന്ധനകളും, ബഹു. സുപ്രീം കോടതിയും, കേന്ദ്ര സർക്കാരും നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകളും ആണ് വനഭൂമി വിട്ടുനൽകുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 13-02-2014 ലെ 11-9/98-FC നമ്പർ കത്ത് പ്രകാരം 1 ഹെക്ടറിന് താഴെയുള്ള പ്രൊപ്പോസലുകളിൽ (13 ഇനങ്ങളിൽ) സംസ്ഥാന സർക്കാരുകൾക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) 1 ഹെക്ടറിനു മുകളിലുള്ള പ്രൊപ്പോസലുകളിന്മേൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. |
| (സി) ഇത്തരം മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; വിശദമാക്കാമോ; | (സി) പര്യാപ്തമാണ്. 1980 ലെ വന സംരക്ഷണ നിയമവും, ബഹു. സുപ്രീം കോടതിയും, കേന്ദ്രസർക്കാരും നിഷ്കർഷിക്കുന്ന നിബന്ധനകളും പൂർണ്ണമായും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. |

(ഡി) വനവൽക്കരണം നടത്തുന്ന ചെടികളുടെ അതിജീവനത്തെ സംബന്ധിച്ച് കാലാകാലങ്ങളിൽ വിലയിരുത്തൽ നടത്താറുണ്ടോ; വിശദമാക്കാമോ?

(ഡി) ഉണ്ട്. വനവൽക്കരണം നടത്തുന്ന സ്ഥലങ്ങളിലെ ചെടികളുടെ അതിജീവനത്തെ സംബന്ധിച്ച് ആദ്യത്തെ 5 വർഷക്കാലം ഫോറസ്റ്റ് കോഡ് പ്രകാരമുള്ള പ്ലാന്റേഷൻ ജേണലുകൾ സൂക്ഷിക്കുകയും അവയുടെ അടിസ്ഥാനത്തിൽ റെയ്ഞ്ച്, ഡിവിഷൻ, സർക്കിൾ, നോഡൽ ഓഫീസർ തലങ്ങളിൽ കാലാകാലങ്ങളിൽ വിലയിരുത്തൽ നടത്താറുമുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**